**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2903** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഓവർസീസ് പഠനപദ്ധതിയുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഓവർസീസ് പഠനപദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകളുടെ മാനദണ്ഡം, അപേക്ഷ സമർപ്പിക്കേണ്ടുന്ന നടപടിക്രമങ്ങൾ, സഹായം ലഭിക്കുന്ന രീതി തുടങ്ങിയവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരളീയരായ പട്ടികജാതി, പട്ടിക വർഗ വിദ്യാർത്ഥികൾക്കുള്ള "ഉന്നതി സ്കോളർഷിപ്പ് ഓവർസീസ് സ്റ്റഡീസ്" വകുപ്പും ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡും (ODEPEC) സംയുക്തമായി ചേർന്ന് നടപ്പിലാക്കി വരുന്നു. ഇതിനായി വിദ്യാർത്ഥികൾ scdd.kerala.gov.in/unnathikerala.org വെബ് സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുകയും ODEPEC മുഖാന്തിരം നടത്തുന്ന സ്ക്രീനിംഗിനു ശേഷം നടപടി ക്രമങ്ങൾ അനുസരിച്ച് സ്കോളർഷ് (സെലക്ഷൻ/ അപ്പീൽ) കമ്മിറ്റിക്ക് വിധേയമായി തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്കാണ് വിദേശപഠന സ്കോളർഷിപ്പ് അനുവദിക്കുന്നത്.<br><br>പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 സ്ലാബുകളായിട്ടാണ് ആനുകൂല്യം അനുവദിക്കുന്നത്. വാർഷിക വരുമാനം 12 ലക്ഷം രൂപ വരെയുള്ള 175 പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 25 ലക്ഷം രൂപയും, വാർഷിക വരുമാനം 12 മുതൽ 20 ലക്ഷം രൂപ വരെയുള്ള 25 പേർക്ക് പരമാവധി 20 ലക്ഷം രൂപയും, 20 ലക്ഷത്തിനു മുകളിൽ വാർഷിക വരുമാനമുള്ളവർക്ക് പരമാവധി 15 ലക്ഷം രൂപയും സ്കോളർഷിപ്പായി അനുവദിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴ്സുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (ബി) | വിദേശരാജ്യങ്ങളിലെ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ, പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്ക് തത്തുല്യമായ ഡിപ്ലോമ കോഴ്സുകൾ, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറേറ്റ് കോഴ്സുകൾ |
| (സി) | പ്രസ്തുത പദ്ധതിയിൽ നഴ്സിംഗ് മേഖലയിലുള്ളവർക്ക് വിദേശത്ത് ഉപരിപഠനം നടത്തുന്നതിന് സാധ്യമാണോ; വിശദമാക്കാമോ? | (സി) | നഴ്സിംഗ് മേഖലയിലുള്ള പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ, പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്ക് തത്തുല്യമായ ഡിപ്ലോമ കോഴ്സുകൾ, പി.എച്ച്.ഡി, പോസ്റ്റ് |

| | | | |
|---|---|---|---|
| | | | ഡോക്ടറേറ്റ് കോഴ്സുകൾ എന്നിവയ്ക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ